# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*


നം.പി.ആർ. 72/2025 തിരുവനന്തപുരം, തീയതി: 05/04/2025

# പത്രക്കുറിപ്പ്

## പ്രത്യേക പരീക്ഷ

കേരളസർവകലാശാല 2024 മെയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.ബി.എ. ഡിഗ്രി പരീക്ഷയുടെ (MGT F02: പ്രോജക്റ്റ് ഫിനാൻസ്) പേപ്പറിന്റെ പ്രത്യേക പരീക്ഷ 2025 ഏപ്രിൽ 7 ന് രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12.30 വരെ ഡി.സി. സ്കൂൾ ഓഫ് മാനേജ്മെന്റ്, സി.എച്ച്.എം.എം. കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, UIM അടൂർ, മാർത്തോമ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫോർമേഷൻ ടെക്നോളജി, UIM കൊല്ലം, എം.എസ്.എൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജി എന്നീ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. പരീക്ഷാർത്ഥികൾക്ക് അവരവരുടെ സൗകര്യാർത്ഥം ഈ കേന്ദ്രങ്ങളിലൊന്ന് തെരഞ്ഞെടുത്ത് പരീക്ഷ എഴുതാവുന്നതാണ്. 2025 ഏപ്രിൽ 7 ന് നടത്തുന്ന പരീക്ഷയിൽ ഹാജരാകാൻ സാധിക്കാത്ത പരീക്ഷാർത്ഥികൾക്ക് 2025 ഏപ്രിൽ 22 ന് ഇതേ കേന്ദ്രങ്ങളിൽ പരീക്ഷ എഴുതുന്നതിനുള്ള സൗകര്യം ലഭ്യമാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല 2024 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. ഫിലോസഫി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2025 ഏപ്രിൽ 14 വരെ www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി അപേക്ഷിക്കാം. വിദ്യാർത്ഥികളുടെ അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## ടൈംടേബിൾ

കേരളസർവകലാശാല 2025 ഏപ്രിലിൽ നടത്തുന്ന എം.എ. റഷ്യൻ (പാർട്ട്ടൈം – മൂന്ന് വർഷ കോഴ്സ്) 2017-2020 ബാച്ചിന്റെ പ്രീവിയസ്, ഫൈനൽ പരീക്ഷകൾ 2025 ഏപ്രിൽ 15 മുതൽ ആരംഭിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## പരീക്ഷ വിജ്ഞാപനം

കേരളസർവകലാശാല ഏഴാം സെമസ്റ്റർ ബി.ടെക്. പാർട്ട്ടൈം റീസ്ട്രക്ചേർഡ് കോഴ്സ് (2013 സ്കീം – 2014 അഡ്മിഷൻ) പരീക്ഷ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പരീക്ഷ രജിസ്ട്രേഷൻ സംബന്ധിച്ച വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## പ്രാക്ടിക്കൽ/പ്രോജക്ട്/വൈവവോസി

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്സി./ ബി.കോം. ഏപ്രിൽ 2025 പരീക്ഷകളുടെ പ്രാക്ടിക്കൽ/പ്രോജക്ട്/വൈവവോസി പരീക്ഷകൾ

2025 മെയ് 2 മുതൽ 9 വരെ വിവിധ കോളേജുകളിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്നു. വിശദ മായ ടൈംടേബിൾ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

## ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്തുന്നതിന് അപേക്ഷിക്കാം

നിയമ ബിരുദ കോഴ്സുകളുടെ എല്ലാ സെമസ്റ്ററുകളുടെയും ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്തുന്നതിന് ത്രിവത്സര നിയമ വിദ്യാർത്ഥികൾക്കും (2021 അഡ്മിഷൻ) കൂടാതെ പഞ്ചവത്സര നിയമ വിദ്യാർത്ഥികൾക്കും (2019 അഡ്മിഷൻ) കോഴ്സ് പൂർത്തിയാക്കി ഒരു വർഷം കഴിഞ്ഞവരും, പരീക്ഷ വിജയിക്കാൻ സാധിക്കാത്ത ഇന്റേണൽ മാർക്ക് പത്തിൽ കുറവുള്ളവർക്കും അപേക്ഷിക്കാവുന്നതാണ്. ഒരു പേപ്പറിന് 525/- രൂപ നിരക്കിൽ ഒരു സെമസ്റ്ററിന് പരമാവധി 2100/- രൂപ അടക്കേണ്ടതാണ് ഇതിൽ 105/- രൂപ സർവകലാശാല ഫണ്ടിൽ (KUF) അടക്കേണ്ടതാണ്. ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്തുന്നതിനുള്ള നിശ്ചിത അപേക്ഷാഫോറം പ്രിൻസിപ്പാളിന്റെ അനുമതിയോടുകൂടി 2025 മെയ് 5 നോ അതിനു മുമ്പോ സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷ ഫോറവും മറ്റു വിശദവിവരങ്ങളും യൂണിവേഴ്സിറ്റിയുടെ വെബ്സൈറ്റിൽ ലഭ്യമാണ് (www.keralauniversity.ac.in).

*നിശ്ചിത തീയതിയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.*

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**